"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - മൂന്നാം ഗ്രേഡ് ഓവർസിയർ ശ്രീമതി രേണു.എസ്.എ (പെൻ: 827800) - പ്രത്യേക അവശതാവധി- അനുവദിച്ച് ഉത്തരവുപുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഇഡബ്ല്യുബി) വകുപ്പ്

സ.ഉ.(സാധാ) നം.1656/2026/LSGD തീയതി,തിരുവനന്തപുരം, 03-09-2026

---

പരാമർശം:-
1. പ്രിൻസിപ്പൽ ഡയറക്ടറുടെ 30.11.2025-ലെ LSGD/PD/37256/2025-DEE2 നമ്പർ കത്ത്.
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 15.05.2026-ലെ LSGD/PD/37256/2025-DEE2 നമ്പർ കത്ത്.
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 13.08.2026-ലെ LSGD/PD/37256/2025-DEE2 നമ്പർ കത്ത്.

## ഉത്തരവ്

പാലക്കാട് ജില്ലയിലെ ആലത്തൂർ ഗ്രാമപഞ്ചായത്തിൽ മൂന്നാം ഗ്രേഡ് ഓവർസിയർ ആയ ശ്രീമതി രേണു.എസ്.എ (പെൻ: 827800), 13.10.2025-ന് ജോലി സംബന്ധമായി സൈറ്റ് സന്ദർശനം നടത്തവേ, ടിയാൾ സഞ്ചരിച്ചിരുന്ന ഇരുചക്രവാഹനം അപകടത്തിൽപ്പെടുകയും, വലതുകാലിന്റെ തുടയെല്ലിനു സാരമായ പൊട്ടൽ സംഭവിച്ചതിനാൽ സർജറി നടത്തേണ്ടി വരികയും, തുടർന്ന് ടിയാൾക്ക് ഓഫീസിൽ ഹാജരാകുന്നതിനോ, ജോലി ചെയ്യുന്നതിനോ സാധിക്കാത്ത സാഹചര്യമായതിനാൽ, 13.10.2025 മുതൽ 12.12.2025 വരെ ടിയാൾക്കു ഡോക്ടർ വിശ്രമം നിർദ്ദേശിക്കുകയുമുണ്ടായി. അതിന്റെയടിസ്ഥാനത്തിൽ, 13.10.2025 മുതൽ 12.12.2025 വരെ 61 ദിവസത്തെ പ്രത്യേക അവശതാവധി അനുവദിക്കുന്നതിന് ടിയാൾ സമർപ്പിച്ച അപേക്ഷ

ശിപാർശ ചെയ്ത് പരാമർശം (1) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. ജോലിയുടെ ഭാഗമായി സൈറ്റ് സന്ദർശത്തിനായുള്ള യാത്രയിലാണ് ശ്രീമതി രേണു.എസ്.എ-യ്ക്ക് അപകടം സംഭവിച്ചതെന്ന അസ്സിസ്റ്റന്റ് എഞ്ചിനീയറുടെ സാക്ഷ്യപത്രവും, ടിയാൾക്കു 13.10.2025 മുതൽ 12.12.2025 വരെ വിശ്രമം ആവശ്യമാണെന്ന മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റും പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

2. എന്നാൽ, രണ്ട് മാസം കൂടി വിശ്രമം ആവശ്യമാണെന്ന് ടിയാളെ ചികിത്സിച്ച ഡോക്ടറുടെ നിർദ്ദേശത്തിന്റെയടിസ്ഥാനത്തിൽ, മുൻപു സമർപ്പിച്ച അവധി അപേക്ഷയുടെ തുടർച്ചയായി 13.12.2025 മുതൽ 12.02.2026 വരെ (62 ദിവസം) പ്രത്യേക അവശതാവധി അനുവദിക്കുന്നതിനു ശ്രീമതി രേണു.എസ്.എ സമർപ്പിച്ച അവധി അപേക്ഷയും പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് പരാമർശം (2) പ്രകാരം ലഭ്യമാക്കിയിരുന്നു. അതോടൊപ്പം, 12.04.2026 വരെ വിശ്രമം അനിവര്യമാണെന്ന ഡോക്ടറുടെ നിർദ്ദേശത്തിന്റെയടിസ്ഥാനത്തിൽ 13.10.2025 മുതൽ 12.04.2026 വരെ പ്രത്യോക അവശതാവധി അനുവദിയ്ക്കുന്നതിന് ടിയാൾ സമർപ്പിച്ച അപേക്ഷ മെഡിയ്ക്കൽ സർട്ടിഫിയ്ക്കറ്റ് സഹിതം ലഭ്യമാക്കുകയും, മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഹാജരാക്കി ടിയാൾ 13.04.2026-ൽ സേവനത്തിൽ പ്രവേശിച്ചിട്ടുണ്ടെന്ന് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയും ചെയ്തിട്ടുണ്ടായിരുന്നു.

3. 13.10.2025 മുതൽ 08.02.2026 വരെ 119 ദിവസത്തെ പ്രത്യേക അവശതാവധിയ്ക്കു മാത്രമേ ശ്രീമതി രേണു.എസ്.എ-യ്ക്ക് അർഹതയുള്ളു. 09/02/2026 മുതൽ 31/03/2026 വരെ 51 ദിവസത്തേയ്ക്ക് ആർജ്ജിതാവധിയും, 01/04/2026 മുതൽ 12/04/2026 വരെ 12 ദിവസത്തേയ്ക്ക് പരിവർത്തിതാവധിയും ടിയാൾക്ക് അനുവദിച്ച് ഉത്തരവായെന്ന് പരാമർശം (3) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ , ഔദ്യോഗിക കൃത്യനിർവ്വഹണത്തിനിടെ അപകടത്തിൽപ്പെട്ട് ചികിത്സയിലും, തുടർന്ന് അനിവാര്യമായ

വിശ്രമത്തിലുമായിരുന്ന ആലത്തൂർ ഗ്രാമപഞ്ചായത്തിലെ മൂന്നാം ഗ്രേഡ് ഓവർസിയർ ശ്രീമതി രേണു.എസ്.എ(പെൻ: 827800)-യ്ക്ക്, കെ.എസ്.ആർ ഭാഗം I, ചട്ടം 98 പ്രകാരം, 13.10.2025 മുതൽ 08.02.2026 വരെ 119 ദിവസത്തേക്കു പ്രത്യേക അവശതാവധി അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DIPUKUMAR S L
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ശ്രീമതി രേണു.എസ്.എ (പെൻ: 827800), മൂന്നാം ഗ്രേഡ് ഓവർസിയർ
(തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (EWB2/292/2025-LSGD

ഉത്തരവിൻ പ്രകാരം
Digitally signed by
Keerthi I P
Date: 03-09-2026
09:41:35
സെക്ഷൻ ഓഫീസർ